# MESMORIZE '24

## LITTLE KITES
## DIGITAL MAGAZINE




## ST. MARY'S HIGH SCHOOL KALLANODE

# ഉള്ളടക്കം

1.ഓരോ മനുഷ്യനുമുണ്ട് ഓരോ ചിറകുകൾ....4

2.മയക്കുമരുന്നും പുതിയ തലമുറയും.....5

3.ഭൂമി തൻ വേദനകൾ...7

4.യഥാർത്ഥ സൗഹൃദം....8

9. Impact of technology in education....9

10. Influence of social media in students...10

11. എന്തും നശിപ്പിക്കുന്ന യുദ്ധം...11

12.ബഹിരാകാശത്തേക്ക് കുതിക്കുന്ന ഇന്ത്യ....12

13.ഓർമ്മകൾ....14

14.പൂമ്പാറ്റ....17

15.ജീവജലം .19

16.എന്നുമെന്നും കാത്തിടാം...23

17. Importance of water....26

18. സ്വപ്നത്തിനായി ആത്മവിശ്വാസം...28

19. അനാഥമാകുന്ന വാർദ്ധക്യം..30

20.കുട്ടി മനസ്സ്..32

21..സ്നേഹ പാട്ട്..33

22.ശലഭം...35

23. ഡിജിറ്റൽ ചിത്രങ്ങൾ...39

# LITTLE KITES 2022 - 2025



ജില്ല

കോഴിക്കോട്

വിദ്യാഭ്യാസ ജില്ല

താമരശ്ശേരി

ഉപജില്ല

പേരാമ്പ്ര

സ്കൂൾ മാനേജർ

ഫാ. ജോസഫ് ചുണ്ടയിൽ

പ്രധാന അധ്യാപകൻ

സജി ജോസഫ്

പി റ്റി എ പ്രസിഡണ്ട്

ജോൺസൺ പനക്കവയലിൽ

എം പി റ്റിഎ

അനിത ജോൺസൺ

# ആശംസ



നൂറു ശതമാനം ഡിജിറ്റൽ സാക്ഷരതയിലേക്ക് നടന്നടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന്റെ ഡിജിറ്റൽ കുതിപ്പിലേയ്ക്കുള്ള മുതൽക്കൂട്ടാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ. ഡിജിറ്റൽ സാക്ഷരത രംഗത്ത് നിരവധി സംഭാവനകൾ നൽകാൻ നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്ക് സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല. അതിനുള്ള തെളിവ് കൂടിയാണ് ഈ മാഗസിൻ. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മാസ്റ്റർ

സെന്റ് മേരീസ് ഹൈസ്കൂൾ കല്ലാനോട്

<u>ഓരോ മനുഷ്യനുമുണ്ട് ഓരോ ചിറകുകൾ</u>

ചിറകുകൾ ഒരിക്കലും പക്ഷികൾക്ക് മാത്രം അവകാശപ്പെട്ടതല്ല, നമുക്കും അവകാശപ്പെട്ടതാണ്. കാണപ്പെട്ട പക്ഷികളുടെ ചിറകുപോലെ നമ്മുടെ ചിറകുകൾ നമ്മുക്ക് കാണാൻ സാധിക്കുകയില്ല. ചിറകുകൾ കണ്ടു പിടിക്കാനുള്ള പരീക്ഷണത്തിൽ ചിലർ പരാജയപ്പെടുമ്പോൾ മറ്റു ചിലർ വിജയിക്കും.

ചിറകുകൾ എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത് വിവിധ കഴിവുകളാണ്. കഴിവുകൾ കണ്ടെത്തി വികസപ്പിക്കുന്നതിലൂടെയാണ് നാം വിജയം കൈവരിക്കുന്നത്. നാം നമ്മുടെ കഴിവുൾ കണ്ടെത്തി വികസിപ്പിക്കണം. എന്നാൽ മാത്രമെ ജീവിത വിജയം കൈവരിക്കാൻ സാധിക്കൂ.

പഴമക്കാർ പറയാറുണ്ട് എറിയാവുന്നവന്റെ കൈയിൽ ദൈവം കല്ല് കൊടുക്കില്ല എന്ന്. കഴിവുകൾ എത്ര നിസാരമാണെന്ന് തോന്നിയാലും നമ്മളാൽ കഴിയുന്ന തരത്തിൽ അത് വികിപ്പിക്കാൻ ശ്രമിക്കുക. നമ്മുടെ പരിശ്രമം നമ്മെ വിജയത്തിൽ എത്തിക്കും.മറ്റൊരു തരത്തിൽ പറഞ്ഞാൻ നമ്മുടെ പരിശ്രമം ദൈവം കാണും അതിന്റെ പ്രതിഫലം ലഭിക്കുകയും ചെയ്യും.

നമ്മുടെ ജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ സമചിത്ത തയോടെ അതിനെ നേരിടുക. ദൈവം നമ്മെ കൈവിടുകയില്ല. ജീവിതത്തിൽ നാം വെന്നികൊടി പാറിക്കുക തന്നെ ചെയ്യും. നമ്മുടെ ചിറകുകൾ കൊണ്ട് നമ്മുക്ക് ഉയർന്ന് പറക്കാം.

റിഫ ഫാത്തിമ

9 C



# മയക്കുമരുന്നും പുതിയ തലമുറയും



ലോകമിന്നു അതിഭീകരമായ ഒരു ദുരന്തത്തിന്റെ വക്കിലെത്തി നിൽക്കുകയാണ്. ഇന്നത്തെ യുവതലമുറ ലഹരി മരുന്നുകൾക്ക് അടിമയാകുമ്പോൾ,അതിൽ നിന്ന് കരകയറാനാകാതെ നട്ടം തിരിയുമ്പോൾ കാലത്തിന് നോക്കി നിൽക്കാനെ കഴിയൂ...

ആധുനിക ചികിത്സാരംഗത്ത് മയക്കുമരുന്നുകൾ ഫലപ്രദമായി ഉപയോഗിക്കപ്പെട്ടു തുടങ്ങിയതോടെയാണ് പാതതെറ്റി മയക്കുമരുന്നുകൾ ലഹരിയുടെ ലോകത്തെത്തിചേർന്നത്. കഞ്ചാവ്, ഹാഷിഷ്, ചരൻ, എം.ടി.എം.ഐ, ഹാഷ്ഓയിൽ തുടങ്ങി ഒട്ടനവധി മയക്കുമരുന്നുകൾ പ്രചാരത്തിലുണ്ട്. ഓരോന്നും മാരകങ്ങളായ ഫലങ്ങൾ സമൂഹത്തിൽ വിതയ്ക്കുന്നതാണ്. ഒരിക്കൽ മയക്കുമരുന്നുകൾ ഉപയോഗിച്ചു തുടങ്ങിയവർ വീണ്ടും വീണ്ടും അവ ഉപയോഗിക്കുവാനുള്ള പ്രേരണ മനുഷ്യനിലുണ്ടാവുന്നു. ഒടുവിൽ അവൻ സാമ്പത്തികമായും, മാനസികമായും തകർന്ന് ഭ്രാന്തനായി മാറുകയും ചെയ്യുന്നു.

മദ്യം ഇന്ന് വിവിധ ഭാവങ്ങളിലും രൂപങ്ങളിലും സമൂഹത്തിന് മുമ്പിൽ എത്തിച്ചേരുകയാണ്. ആഘോഷങ്ങളിലും ഉത്സവങ്ങളിലും പ്രധാന അതിഥിയായി മദ്യം മാറികഴിഞ്ഞിരിക്കുന്നു. മദ്യ ദുരന്തം നിത്യസംഭവം.ഈ അടുത്തനാളുകളിൽ മദ്യം കാരണം ഉണ്ടായ നിരവധി മനുഷ്യരുടെ അന്ത്യവും പത്രമാധ്യാമങ്ങളിലൂടെ നാം അറിയുകയുണ്ടായി.

മനുഷ്യൻ ഇത്തരത്തിലുള്ള ഊരാക്കുരുക്കുകളിൽ എത്തിച്ചേരാൻ പലകാരണങ്ങളുണ്ട്.മദ്യത്തെ അപേക്ഷിച്ച് കുറഞ്ഞ ചിലവിൽ കൂടുതൽ ലഹരി നുണയാൻ മയക്കുമരുന്നുകൾ സഹായകമാകുന്നുണ്ട്. ഇതാണ് അവയുടെ ഉപയോഗം വർധിക്കുവാനുള്ള ഒരു കാരണം. വീടുകളിലെ സുഖമമല്ലാത്ത ചുറ്റുപാടുകൾ, കുടുംബ തകർച്ച, സ്നേഹ

വാത്സല്യങ്ങളുടെഅഭാവം,മാതാപിതാക്കളുടെ ക്രൂരത, ചീത്തകൂട്ടുകെട്ടുകൾ, എല്ലാറ്റിനും അപ്പുറമായി ഈശ്വരവിശ്വാസം ഇല്ലായ്മയും, അങ്ങനെ പലതും ഇത്തരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾക്കൊപ്പം മനുഷ്യന്റെ വ്യക്തിത്വത്തിലുള്ള പോരായ്മകളും കൂടിചേരുമ്പോൾ അവൻ മയക്കുമരുന്നിനടിമയായിമാറുന്നു.

ഇതിനെതിരെ ഉണർന്ന് പ്രവർത്തിക്കുവാനുള്ള സമയം അതിക്രമിച്ചു കഴിഞ്ഞു. സത്യ ത്തിനും,നീതിയ്ക്കും,ധർമ്മത്തിനും വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന കർത്തവ്യനിഷ്ഠയുള്ള ഉദ്യോഗസ്ഥർക്കും, ജനസേവകർക്കും പീഡനവും, അവഹേളനവുമാണ് പ്രതിഫലം. മദ്യവും മയക്കുമരുന്നുമില്ലാത്ത ലോകത്ത് മാത്രമേ നന്മതിന്മകൾ തിരിച്ചറിയാമാകൂ. അവിടെമാത്രമേ സ്നേഹവും, സാഹോദര്യവും വിളയൂ.....

ആൽഫ്രഡ് സജി
9 C



# ഭൂമിതൻ വേദനകൾ

കാണ്മ നീ ഈ പ്രകൃതിയെ
മനുഷ്യർ തൻ പ്രകൃതിയെ
ഇന്ന് നീ കാണുന്നില്ലേ ഇവയെ
"ഇന്നലെ കണ്ടതല്ല ഇന്ന് "

ആരും കാണുന്നില്ലേ ഭൂമിതൻ  വേദനയൊന്നും
ആരും കാണുന്നില്ലേ ഭൂമിതൻ രോദനം ഒന്നും
എന്തിനി ഈ ഭൂമിയോട് ഇങ്ങനെ പ്രവർത്തിച്ചു
എന്തിന്? എന്തിന്? പറയുക നീ? പറയുക?

നാളെ ഈ മണ്ണിൽ അല്ലയോ നിങ്ങൾ തൻ
മക്കൾ വസിക്കുന്നത്.
നാളെ എന്ത് സൂക്ഷിച്ചു പിൻതലമുറയെ നിങ്ങൾ....
നിങ്ങൾ തൻ മക്കൾ ചോദിക്കുമ്പോൾ
ഉത്തരം പറയുക തലമുറയെ നീ....
എന്തിനീ ഭൂമിയെ വേദനിപ്പിച്ചു
ഉത്തരം പറയുക തലമുറയെ നീ...

നിൻ ആവശ്യത്തിനായി അല്ല
വരും തലമുറയ്ക്കായി.
ഒരു പിടി മണ്ണെങ്കിലും കരുതുക
വരും തലമുറയ്ക്കായി
നാം മാത്രമല്ല ഇവ ഉപയോഗിക്കേണ്ടത്
അടുത്ത തലമുറയ്ക്കായി
എന്തെങ്കിലും കരുതുക
മർത്യ അടുത്ത തലമുറയ്ക്കായി....

അന്ന മരിയ

# യഥാർത്ഥ സൗഹൃദം

ശ്യാമും അഖിലും വലിയ സുഹൃത്തുക്കളാണ് . ഒരിക്കൽ അവർ മരുഭൂമിയിലൂടെ നടക്കുമ്പോൾ രണ്ടുപേരും വഴക്കായി. ആ വഴക്കിനടിയിൽ ശ്യാം അഖിലിനെ തല്ലി. അഖിൽ തന്റെ കൂട്ടുകാരനെ തിരിച്ചുതല്ലാതെ മണലിൽ എഴുതി. ഇന്ന് എൻറെ കൂട്ടുകാരൻ എന്നെ തല്ലി .അങ്ങനെ അവർ വീണ്ടും യാത്ര തുടർന്നു. യാത്രയുടെ ഇടയിൽ അവർക്ക് ഒരു മരപ്പച്ച കണ്ടെത്താൻ സാധിച്ചു അങ്ങനെ അവർ രണ്ടാളും അതിൽ വെള്ളം കുടിക്കാൻ ഇറങ്ങിയപ്പോൾ അഖിൽ ഒരു ചളി കുണ്ടിൽ അകപ്പെട്ടു മുങ്ങാൻ തുടങ്ങി. അവൻറെ പ്രിയ കൂട്ടുകാരനായ ശ്യാം മരുഭൂമിയിൽ കണ്ട കമ്പ് വച്ച് അവനെ ചളിയിൽ നിന്ന് രക്ഷിച്ചു. ആ ഒരു പ്രത്യാഘാതത്തിൽ നിന്ന് അഖിൽ തിരിച്ചു വന്നതിനു ശേഷം അവിടെയുള്ള ഒരു കല്ലിൽ അവൻ എഴുതി ഇന്ന് എൻറെ പ്രിയ കൂട്ടുകാരൻ എൻറെ ജീവൻ രക്ഷിച്ചു. ആ പ്രിയ കൂട്ടുകാരൻ അവനോട് ചോദിച്ചു. ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ അത് മണലിൽ എഴുതി എന്നാൽ ഇപ്പോൾ എന്തുകൊണ്ടാണ് നീ അത് കല്ലിൽ എഴുതിയത്? കൂട്ടുകാരൻ മറുപടി പറഞ്ഞു ആരെങ്കിലും നമ്മളെ വേദനിപ്പിക്കുമ്പോൾ അത് നമ്മൾ മണലിൽ എഴുതി വെക്കണം. അവിടെയാകുമ്പോൾ കാറ്റിനും അത് മായിച്ചു കളയാൻ സാധിക്കും. പക്ഷേ ആരെങ്കിലും നമുക്ക് നല്ലതും ചെയ്തു തന്നാൽ അത് നമ്മൾ കല്ലിൽ കൊത്തിവയ്ക്കണം ഒരു കാറ്റിനും അത് വായിക്കാൻ പറ്റില്ല അഖിലിന്റെ മറുപടിയിൽ ശ്യാമിന്റെ കണ്ണ് നിറഞ്ഞു. അങ്ങനെ അവർ ഒരുമിച്ച് കൈകൾ കോർത്ത് മരുഭൂമിയിലൂടെ നടന്നു.

# IMPACT OF TECHNOLOGY IN EDUCATION

As Bill gates said , 'we are changing the world with technology 'from ancient ages till now, has made tremendous technological advancements such as artificial intelligence and robotics.

Now technology has become an inevitable part of the daily lives of people of all ages. The digital world and technology has made a lot of contribution in many fields such as health ,education ,science etc.we are all familiar with how we all adopted to digital screens for education during the covid-19 epidemic . One of the major contribution of technology in education is this Itself. The access to vast information. It allows students to explore the world of knowledge through ebooks, educational videos, educational websites, etc. also technology gave access to interactive learning.

In conclusion technology has and is still developing. It is providing us more opportunities and chances to improve our knowledge. It can give students an exciting learning experience.

# Influence of social media in students

The rise of social media has had a perfect impact on the lives of students.while social media can provide a platform for students to connect with friends and family it can also have negative effects on mental health ,academic performance,and social skill.

One of the primary ways that social media influence students is through the pressure to present a perfect image online. Students may compelled to curate there social media profiles to create a certain image, which can lead to feelings of indequacy and anxiety. This pressure to maintain a certain image can also lead to cyber bullying,as students may feel emboldened to make negative comments about their peers from behind the annoynity of a screen

Social media can also have negative effects on social skills. Students whose went more time interacting with others online may have difficulty developing social skills in person. The Reliance on technology for communication can also make it difficult for students to form meaningful relationship with others.

Social media can also be a valuable tool for communication and self expression. Students can also use social media to connect with others to share similar interest and express themselves in creative ways.

## എന്തും നശിപ്പിക്കുന്ന യുദ്ധം;

## ലോകം കൊടും പട്ടിണിയിലേക്ക്

യുദ്ധം വരുത്തി വയ്ക്കുന്നത് എപ്പോഴും നഷ്ടങ്ങളുടെ ഒരു കൂമ്പാരമാണ്. പക്ഷേ ലോകത്ത് യുദ്ധം ഒഴിഞ്ഞ സമയം ഉണ്ടായിട്ടില്ല. എപ്പോഴും എവിടെയെങ്കിലും യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കും. എന്നാൽ ഈ യുദ്ധങ്ങൾ സൃഷ്ടിക്കുന്നത് ഭീകരമായ ഭക്ഷ്യ ക്ഷാമമാണ്. ഇന്നും ലോകം ഒരു യുദ്ധത്തിന്റെ ഭീതിയിലാണ്. റഷ്യൻ-യുക്രെയിൽ യുദ്ധത്തിൻറെ പ്രത്യാഘാതം കാരണം ഇതാണ് സോവിയറ്റ് യൂണിയൻറെ തകർച്ചയുക്കശേഷം റഷ്യയും പശ്ചാത്യ ശക്തികളും തമ്മിൽ നേരിട്ടില്ലെങ്കിൽ പോലും ഒരു ഏറ്റുമുട്ടൽ നടക്കുന്നു. അതുമാത്രമല്ല കാരണം ലോകത്തിന്റെ ഭക്ഷ്യ ധാന്യങ്ങളുടെ കലവറയായ രണ്ട് രാജ്യങ്ങൾ തമ്മിലാണ് യുദ്ധം എന്നതാണ് ആഗോള തലത്തിൽ തന്നെ ഇതിൻറെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. അതായത് ഈ ശക്തികൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ ലോകം മുഴുവൻ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തും അതുകൊണ്ടുതന്നെയാണ് കൃഷിയുടെയും ഇത്രയും ആഗോളതലത്തിൽ തന്നെ ഭക്ഷ്യ ശ്യാമത്തിന് വഴിയൊരുക്കുമെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് കഴിഞ്ഞദിവസം മുന്നറിയിപ്പ് നൽകിയത്. ഇപ്പോൾ തന്നെ ആഗോള വിശപ്പ് സൂചിക വളരെ ഉയർന്ന നിലയിൽ ആണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് തന്നെ കൊടും പട്ടിണി അനുഭവിക്കുന്നവരുടെ എണ്ണം ഇരട്ടിയായി. കോവിഡ് കാലത്തിനു മുൻപ് ആഗോളതലത്തിൽ 135 മില്യൻ ആളുകളാണ് കൊടും പട്ടിണിയിൽ കഴിഞ്ഞിരുന്ന തെങ്കിൽ ഇന്നത് 276 മില്യൻ ആണെന്നും അദ്ദേഹം പറയുന്നു. ഈ സാഹചര്യത്തെ കൂടുതൽ ഗുരുതരമാക്കുകയാണ് റഷ്യ-യുക്രെയിൻ യുദ്ധം. ലോകത്തിൽ തന്നെ ഗോതമ്പ് പോലുള്ള ഭക്ഷ്യധാനങ്ങളും സൂര്യകാന്തി എന്ന ഉൾപ്പെടെയുള്ള പാചക എണ്ണകളും ഏറ്റവും അധികം ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളാണ് റഷ്യയും -യുക്രെയിനും. അതുപോലെ ആഗോളതലത്തിൽ തന്നെ ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന വളങ്ങൾ ഏറ്റവുമധികം ഉദ്പാദിപ്പിക്കുന്നതും ഈ രണ്ടു രാജ്യങ്ങളാണ്. റഷ്യയുമായും മറ്റു ബന്ധപ്പെട്ട രാജ്യങ്ങളുമായും താൻ ഇതു സംബന്ധിച്ച ചർച്ചകൾ നടത്തി എന്നും ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയുമെന്ന പ്രതീക്ഷ ഉണ്ടെന്നും സെക്രട്ടറി ജനറൽ പറയുന്നു.

ജിനക്സ് ജോമറ്റ്
9C

# ബഹിരാകാശത്തേക്ക് കുതിക്കുന്ന ഇന്ത്യ



ലോകത്തിൻറെ ബഹിരാകാശ ഗവേഷണ ഭൂപടത്തിൽ മുന്നിലുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. കുറഞ്ഞ കാലം കൊണ്ടാണ് ബഹിരാകാശ രംഗത്ത് രാജ്യം ഈ കുതിപ്പ് ഉണ്ടാക്കിയത്.

2022 മധ്യത്തിലെ കണക്ക് പ്രകാരം ലോകത്ത് 70ലധികം ബഹിരാകാശ ഏജൻസികൾ ഉണ്ട് എന്നാൽ ഒരു ചെറിയ റോക്കറ്റ് എങ്കിലും വിക്ഷേപിക്കാൻ കഴിയുന്ന 15 ഏജൻസികളും മനുഷ്യരെ ബഹിരാകാശത്തേക്ക് അയക്കാനുള്ള സാങ്കേതിക കഴിവുള്ള മൂന്ന് എണ്ണവും മാത്രമേ ഉള്ളൂ. 1957 ലെ സോവിയറ്റ് യൂണിയൻറെ സ്പുട്നിക്ക് വിക്ഷേപണം ഇന്ത്യയിലെ ശാസ്ത്രരംഗത്തുള്ളവരെയും ആവേശഭരിതരാക്കുകയായിരുന്നു. ഡോ. വിക്രം സാരാഭായി ആണ് ഇന്ത്യയിലെ ബഹിരാകാശ ഗവേഷണങ്ങൾക്ക് തുടക്കം കുറിച്ചത്. ബഹിരാകാശ ഗവേഷണം കൊണ്ട് രാജ്യത്തിന് ഭാവിയിൽ ഉണ്ടാകാവുന്ന നേട്ടങ്ങളെ കുറിച്ച് അദ്ദേഹത്തിന് മുൻധാരണ ഉണ്ടായിരുന്നു.

തുമ്പയിലെ വേളി എന്ന ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികളുടെ പിന്തുണയോടെ അവരുടെ പള്ളിയിലാണ് ഇന്ത്യ ബഹിരാകാശ ഗവേഷണം ജന്മം കൊണ്ടത്.

സ്വാതന്ത്ര്യം ലഭിച്ച വെറും 16 വർഷം കഴിയുമ്പോഴാണ് ഇത്തരം സാരാഭായ് ബഹിരാകാശ ഗവേഷണ ആശയം മുന്നോട്ട് വെക്കുന്നത്. സാമ്പത്തികമായി അത്ര മുന്നിൽ ഒന്നുമല്ലാത്ത ഒരു രാജ്യം ബഹിരാകാശ ഗവേഷണം നടത്തുന്നതിന് അന്ന് പലരും സന്ദേഹത്തോടെയാണ് നോക്കി കണ്ടത്. എന്നാൽ ബഹിരാകാശ ഗവേഷണ മേഖലയിൽ ഇന്ത്യ എന്ന രാജ്യത്തിനുണ്ടായ ഉയർച്ച പലരെയും അലിപ്പിക്കുന്നതായിരുന്നു.

"നമ്മുടെ സമൂഹത്തിന്റെയും മനുഷ്യന്റെയും പ്രശ്നപരിഹാരങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോഗത്തിൽ വരുത്താതെ നമുക്ക് രാജ്യത്തിനകേത്താ, മറ്റു രാജ്യങ്ങളുടെ ഇടയിലോ അർഥവത്തായ ഒരു പങ്ക് നിർവഹിക്കാൻ ആവില്ല". എന്നാണ് വിക്രം സാരാഭായി പറഞ്ഞത്.

ISRO യിൽ ആരംഭിച്ച് , അതിൽ വേര് ഉറപ്പിച്ച്, അതിൻറെ സാമൂഹ്യ വികസന പദ്ധതികൾക്ക് വേണ്ട പരിപാടികൾ ആവിഷ്കരിക്കുന്ന കേന്ദ്രങ്ങൾ രാജ്യത്തിൻറെ വിവിധ ഇടങ്ങളിൽ നിർമ്മിച്ച് ഇന്ത്യ ബഹിരാകാശ രംഗത്ത് പല നായിക കല്ലുകൾ

പിന്നിട്ട് സഞ്ചരിക്കുന്ന സഞ്ചരിക്കുന്നത് ഓരോ ഭാരതീയനും അഭിമാനിക്കാവുന്ന കാര്യമാണ്.

ഇന്ത്യക്ക് ഇപ്പോൾ മൂന്ന് പ്രായോഗിക വിക്ഷേപണ വാഹിനികൾ ഉണ്ട്. നാല് പ്രാവശ്യം വീതം നടത്തിയ എസ്.എൽ.വിയുടെയും എ .എസ് .എൽ.വി. യുടെയും വിക്ഷേപണത്തോടെ ISRO കൂടുതൽ ഭാരമുള്ള ഉപഗ്രഹങ്ങൾ വിക്ഷേപിക്കാൻ ആവശ്യമായ വലിയ റോക്കറ്റുകൾക്ക് വേണ്ട സാങ്കേതിക അറിവുകൾ നേടി കഴിഞ്ഞിരുന്നു.

ഇന്ത്യയുടെ ഇപ്പോഴത്തെ പ്രധാനപ്പെട്ട വിക്ഷേപണ വാഹനമാണ് PSLV. 1994 മുതൽ 2022 വരെയുള്ള കാലത്ത് 55 ൽ 54 പ്രാവശ്യംതുടർച്ചയായി വിജയം കണ്ട പി. എസ് . എൽ .വി ഇപ്പോൾ ലോകത്തിലെ മധ്യ ഭാരം ഉയർത്താൻ കഴിവുള്ളവിശ്വസനീയ വിക്ഷേപണ വാഹനമായി മാറിയിട്ടുണ്ട്വിശ്വസനീയ വിക്ഷേപണ വാഹനമായി മാറിയിട്ടുണ്ട് ഇന്ത്യൻ ബഹിരാകാശ ഗവേഷണം ഇപ്പോൾ വഴിത്തിരിവിലാണ് ഇന്ത്യൻ ബഹിരാകാശ ഗവേഷണം ഇപ്പോൾ വഴിത്തിരിവിലാണ്.1960 കളിൽ രൂപംകൊണ്ട ഇന്ത്യൻ ബഹിരാകാശ ഗവേഷണം 50ലേറെ വർഷം കഴിയുമ്പോൾ ലോകത്തിലെ ആറ്പ്രമുഖ ബഹിരാകാശ ശക്തികളിൽ ഒന്നായിരിക്കുന്നരിക്കുന്ന ഭിക്ഷീപിണ വാഹനങ്ങളും ഉപഗ്രഹങ്ങളും നിർമ്മിച്ചു കൊടുക്കാൻ കഴിവുള്ള ISRO വളർന്നത് പല തടസ്സങ്ങളും നേരിട്ടുകൊണ്ട് തന്നെയാണ്. ഓരോരുത്തർക്കും അഭിമാനിക്കാൻ കഴിയുന്ന കുതിപ്പ് തന്നെയാണ് ഇന്ത്യ ബഹിരാകാശ ഗവേഷണ രംഗത്ത് വളരെ ചുരുങ്ങിയ കാലം കൊണ്ട് നേടിയെടുത്തത്.





ശിവകാമി പ്രജിലേഷ്
10 B

# ഓർമ്മകൾ



ഓർമ്മതൻ വസന്തകാലം
ഇനി വരുമോ അരികിൽ
സൗഹൃദം പൂക്കുന്ന സ്കൂൾ
ജീവിതം അരികിൽ വരുമോ...
ഓർമ്മകളിൽ ആയിരം പൂവിരിയുമ്പോൾ
എൻ മനതാരിൽ ആകാശം
കണ്ണാടിയായി...
എൻറെ ഓർമ്മകൾ തെളിയുന്ന
പ്രതിബിംബമായ്
ഇണങ്ങിയും പിണങ്ങിയും
നിമിഷങ്ങൾ മറയുമ്പോൾ
അറിയാതെ പോയതോ-
സൗഹൃദങ്ങൾ.
എന്നിലെ ഓർമ്മകൾ
തീർത്തൊരാ സൗഹൃദങ്ങൾ...





## കുഞ്ഞുണ്ണി കവിതകൾ

പൂച്ച നല്ല പൂച്ച വൃത്തിയുള്ള പൂച്ച.

കാക്ക പാറി വന്നു പാറമേൽ ഇരുന്നു കാക്ക പാറിപോയി പാറ ബാക്കിയായി.

ഹായ്  ഠായ് മിട്ടായി തിന്നാൻ എന്തൊരു ഇഷ്ടായി തിന്നു കഴിഞ്ഞപ്പോൾ കഷ്ടായി.

ഞാനൊരു പാട്ട് പഠിച്ചിട്ടുണ്ട് കൈതപൊത്തി വെച്ചിട്ടുണ്ട് അപ്പം തന്നാൽ ഇപ്പം പാടാം ചക്കര നിന്നാൽ പിന്നേം പാടാം .... !

മാവുണ്ടേ മാവിൻമേൽ മാങ്ങയുണ്ടേ

മാവിൻറെ പൊത്തിലോ ഞാനുമുണ്ടേ

"ഞാനുണ്ട് എനിക്കൊരു വായയുണ്ടേ

വായ നിറച്ചും കൊതിയും ഉണ്ടേ"



പൂമ്പാറ്റ


പുള്ളി ചിറകുള്ള പൂമ്പാറ്റേ
പുത്തനിട്ടുപ്പിട്ട പൂമ്പാറ്റേ (2)
പൂക്കൾ തോറും പാറിനടന്ന്
തേൻ നുകരുന്ന പൂമ്പാറ്റേ (2)

പുള്ളി ചിറകുള്ള പൂമ്പാറ്റേ പുത്തനടുപ്പെട്ട പൂമ്പാറ്റേ (2)
ഒരു നിമിഷം നീ നിന്നാട്ടെ ചിറകിൽ ഞാനൊന്ന് തൊട്ടോട്ടെ...(2)
പുള്ളി ചിറകുള്ള പൂമ്പാറ്റേ പുത്തൻ അടുപ്പിട്ട പൂമ്പാറ്റേ (2)
തെച്ചിപ്പൂവിൻചേലുള്ള കാതിൽ സ്വകാര്യം പറഞ്ഞത് നീയല്ലേ? (2)
തുമ്പപ്പൂവിൻകുഞ്ഞിക്കവിളത്തൊരുമ്മകൊടുത്തതും നീയല്ലേ? (2)

പുള്ളി ചിറകുള്ള പൂമ്പാറ്റ പുത്തനടുപ്പിട്ട പൂമ്പാറ്റ കാട്ടുവള്ളിയിൽ പൂവിൻ തേൻ
നുകരുമ്പോൾമുള്ള് കൊളളത്താതെ നോക്കീടണേ...(2)
പുള്ളി ചിറകുള്ള പൂമ്പാറ്റേ പുത്തനുടുപ്പിട്ട പൂമ്പാറ്റേ (2)

പൂക്കൾ തോറും പാറി നടന്ന് തേൻ നുകരുന്നൊരു പൂമ്പാറ്റേ
പുള്ളി ചിറകുള്ള പൂമ്പാറ്റേ പുത്തനുടിപ്പിട്ട പൂമ്പാറ്റേ(2)
മുറ്റത്തെ തോപ്പിലെ പൂക്കളെല്ലാം നിന്നെയും കാത്തിരിപ്പുണ്ടേ...(2)
കള്ളൻ കട്ടുറുമ്പെത്തും മുൻപ് പൂന്തേൻ വന്നു നുകർന്നോളൂ...(2)
പുള്ളി ചിറകുള്ള പൂമ്പാറ്റേ പുത്തൻ ഉടുപ്പിട്ട പൂമ്പാറ്റേ (2)

Parvana M.R
Class 5D



ജീവജലം

കൂട്ടുകാരെ, നിങ്ങൾക്കറിയാമല്ലോ ഭൂമിയിലെ

എല്ലാ ജീവജാലകങ്ങൾക്കും വെള്ളമില്ലാതെ ജീവിക്കാനാവില്ല എന്നത്. നമ്മുടെ ജീവിതത്തിലും ഒഴിച്ചുകൂടാനാവാത്ത ഒരു പ്രധാന ഘടകമാണ് വെള്ളം നമ്മുടെ നാട്ടിലൊക്കെ എല്ലാ സ്ഥലങ്ങളിലും  തോടുകളുണ്ട് പുഴകളും അരുവികളും കുളങ്ങളുമെല്ലാമുണ്ട്. അത് മലിനമാകാതെ സൂക്ഷിക്കാൻ നമുക്ക് കഴിയാറില്ല. ചില വീട്ടുകളിൽ കിണർ വഴി വെള്ളം ഉപയോഗിക്കുന്നു. ചിലർ പൈപ്പ് വഴി വെള്ളം ഉപയോഗിക്കുന്നുണ്. എങ്കിലും തോടുകളിലും പുഴകളിലും മാലി നൃങ്ങൾ വലിച്ചെറിയാതെ ജലത്തെ നാം സൂക്ഷിക്കുക. പല പലനാട്ടുകളിൽ നാം കാണാറുണ്ട് കുടിവെള്ള ക്ഷാമം രൂക്ഷമായി

നേരിടുന്നത്. മണിക്കൂറുകളോളം പൈപ്പിൻ ചുവട്ടിൽ കാവൽ നിൽക്കുന്നത്. എത്ര ആളുകൾ വെള്ളം കിട്ടാതെ മരിക്കുന്നു. എല്ലാം നമ്മൾ മനസി ലാക്കേണ്ടതുണ്ട്. അനുഗ്രഹിച്ചു കിട്ടിയ ജലത്തെ നാം നന്നായി സൂക്ഷിക്കുക. കൂട്ടുകാരെ , ഒരോ തുള്ളി ജലവും അമൂല്ല്യമാണ്. അത് പാഴാ ക്കാതിരിക്കുക.

അനന്തു രതീഷ്

5A

# എന്റെ കുടിവെള്ളം

ജലം ഒരു അമൂല്യമായ വസ്തുവാണ്. ഈ കാലത്ത് നമുക്ക് ജലം തരുന്ന മിക്ക ജലസ്രോതസുകളും  മലിനമായിട്ടാണ് ഉള്ളത്. ജലസ്രോതസുകളിൽ ജലമില്ലങ്കിൽ ജലസംഭരണികളും ഇല്ലങ്കിൽ നമുക്ക് ജലമില്ല. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന മഴ വെള്ളമാണ് ഏറ്റവും ശുദ്ധമായ വെള്ളം. ഒരു ഭാഗത്ത് വെള്ളം നല്ലതുപോലെ ഉപയോഗിക്കുന്നു മറു ഭാഗത്ത് വെള്ളത്തിനുവേണ്ടിപരക്കം പായുന്ന ഈ അവസ്ഥ നമുക്കു ആലോചിക്കാൻ പോലും കഴിയില്ല. ജലം ഒരിക്കലും കൃത്രിമമായി
ഉണ്ടാക്കാൻ നമുക്ക് കഴിയില്ല.

"ജലം അമൂല്യമാണ് അത് പാഴാക്കരുത്"

Diya Anna joby 6C

ജലം

'ജീവന്റെ ഉറവയാം നീർച്ചാലെ.....
നീയില്ലാതെയി ഭൂമിയില്ല ജീവനില്ല.. നിന്റെ കൈത്തിരിയില്ലാതെ ജീവജാലമില്ല..... നിരുറവയാം നിന്നെ നോക്കി ഇരിപ്പു വിണ്ടലമെല്ലാം..

പലഭാവങ്ങളായ് നിയിഭൂവിൽ മഴയായ് പുഴയായ് മഞ്ഞായ്....
ചെടികളുടെ ഉന്മാദമായ് ഉന്മേഷമായ്...... മനുഷ്യന്റെ എല്ലാമെല്ലാമായ് നീ ഈ ഭൂവിൽ നഗരങ്ങളിൽ കുപ്പിവെള്ളമായ് ഭൂമിയാം അമ്മയുടെ പാതിയായ്

വിളങ്ങും കനകമെ... നിനക്ക് കൂപ്പുകൈ..

Angel Rose 6

ജലം നമ്മുടെ ജീവജലം

തോട്ടും കുളവും കിണറുകളും ജലമേകുന്നു. നമ്മൾക്ക് മഴയും പുഴയും കാട്ടാറും ജലമേകുന്നു നമ്മൾക്ക്

ജലാശയങ്ങൾ വറ്റാതെ കാത്തിടേണം നാം എന്നും ജലാശയങ്ങൾ മൂടാതെ സൂക്ഷിക്കണം നാമെന്നും

ജലത്തെ നന്നായി സൂക്ഷിക്കാം ജലമിന്നു നാടിൻസമ്പത്ത്........

Sharan A.R
9C

## എന്നുമെന്നും കാത്തിടാം

കുടിവെള്ളമില്ലാതെ മനുഷ്യ ജീവൻ നിലനിൽക്കുമോ ഈ ഭൂമിയിൽ
കുടിവെള്ളമെറെ വിലപ്പെട്ടതാണെന്ന സത്യമറിഞ്ഞതാണെന്നു
കാത്തുവെക്കേണം ഭൂമിതൻ സ്പന്ദനമാണ് ജലാശയം പുഴകളും നദിയും
തോടും കുളങ്ങളും വേണമെന്നും നാട്ടിൽ നമ്മൾക്ക് തോഴരായി നമ്മുടെ
കുടിവെള്ള സ്രോതസ്സുകൾ എന്നുമേ കാത്തിടാം, നമ്മുടെ ജീവനായി
നാളെയാം തലമുറ വെള്ളത്തിനായി പാട്ടുപെടാതെയിരിക്കെ വേണം

Soorya

9 C

ജീവജലം

മേഘമായിരുന്നെന്നൊരിക്കൽ പല തുള്ളിയായ് പെയ്തൊരു നൂറു കൈവഴികളിലൂടൊഴുകിയെൻ തൊടിയിലെ കിണറിന്റെ റൊഴുകങ്ങളിൽ നിന്നും ഒടുവിൽ കൈക്കുമ്പിളിൽ കുഞ്ഞു

കടലായി ഞാൻ നട്ട വൈതലാം തേൻ മാവിനും എൻ മുറ്റത്തെത്തും എതോ കിളികുഞ്ഞിനും പേരില്ലാം നൂറുചെറു- കളകൾക്കും വിവിധ വർണ്ണങ്ങളിൽ പാറും പറവകൾക്കും ദാഹമകറ്റി പോറ്റുന്ന കരുണാവൃതം പുഴയിലെ കുഞ്ഞോളമായുമരുവിതൻ കുളിരുതീരും നറുഗീതമായും ഒഴുകിതിരാണ്

അനന്ദകാലങ്ങളിൽ കരുതിവെക്കുക ഈ കണികൾ പുഴയായി ഒഴുകണം, മഴയായി പൊഴിയണം മഞ്ഞായി പൊഴിയണം വേനലിൽ മലിനമാകതെ കാത്തു സൂക്ഷിക്കണം. ജീവന്റെ ജീവനാം ജലാശയങ്ങൾ

Anstina
7c

എന്റെ കുടിവെള്ളം

ജലം ഒരു അമൂല്യമായ വസ്തുവാണ്. ഈ കാലത്ത് നമുക്ക് ജലം തരുന്ന മിക്ക ജലസ്രോതസുകളും  മലിനമായിട്ടാണ് ഉള്ളത്. ജലസ്രോതസുകളിൽ ജലമില്ലങ്കിൽ ജലസംഭരണികളും ഇല്ലങ്കിൽ നമുക്ക് ജലമില്ല. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന മഴ വെള്ളമാണ് ഏറ്റവും ശുദ്ധമായ വെള്ളം. ഒരു ഭാഗത്ത് വെള്ളം നല്ലതുപോലെ ഉപയോഗിക്കുന്നു മറു ഭാഗത്ത് വെള്ളത്തിനുവേണ്ടിപരക്കം പായുന്ന ഈ അവസ്ഥ നമുക്കു ആലോചിക്കാൻ പോലും കഴിയില്ല. ജലം ഒരിക്കലും കൃത്രിമമായി
ഉണ്ടാക്കാൻ നമുക്ക് കഴിയില്ല.

"ജലം അമൂല്യമാണ് അത് പാഴാക്കരുത് "

Diya Anna joby

6C

# IMPORTANCE OF WATER

If we look beyond human uses, Water Play's a vital role in every life of the living creatures.

If we do not work together towards Conservation of water, this Planet as we know it Sooner will than meet its ultimate demise sooner than we think.

Water is the foundation of our Life as we think about our personal lives .

The industries also consume a great deal of water on a Large Scale

There are also significant health issues for human beings becaues of the shortage of adequate  water or intake of Polluted Water .

Water is a non-renewable natural resource.

Aadhithya surendran
VIB

വെയിലിൽ പണിയെടുക്കുന്ന കുറെ ആളുകളും.ഇതിൽ ഇതെല്ലാം കാണാൻ നല്ല ഭംഗിയാണ്.വെയിലിൽ പണി ചെയ്യുന്ന ആരുടെ മുഖത്തും ഒരു ക്ഷീണവും തളർച്ചയും കാണാൻ സാധിക്കില്ല.അവർ ജോലി ചെയ്യുകയാണെങ്കിലും കുറെ പേർ ഒത്തുകൂടി കഥ പറഞ്ഞു തമാശകൾ പറഞ്ഞു ചിരിച്ചുമാണ് ചെയ്യുന്നത്.പ്രകൃതിയെ സ്നേഹിച്ച് പരിപാലിച്ചത് കൊണ്ട് പ്രകൃതി കനിഞ്ഞ് വിളവുകളും തന്നിരുന്നു.ഒത്തൊരുമയും സ്നേഹവും എല്ലാം തന്നെ കാണാൻ കഴിഞ്ഞിരുന്നു.സൗകര്യങ്ങൾ കൂടി വരുന്നതുമൂലം ഇതൊന്നും മനുഷ്യരിൽ ഇല്ലാതായി.പ്രകൃതിയെ സ്നേഹിക്കാനോ പരിപാലിക്കാനോ ആരും തന്നെ ശ്രമിക്കുന്നില്ല.അതുകൊണ്ടുതന്നെ പ്രകൃതിയും നമ്മളോട് തിരിച്ച് അതുപോലെ തന്നെ ചെയ്യാൻ തുടങ്ങി.മനുഷ്യൻഒന്നും നട്ടു പിടിപ്പിക്കാതെ ഉള്ളതിനെകൂട്ടാൻസൗകര്യങ്ങൾ കൂട്ടാൻ വേണ്ടിഎല്ലാം ഓരോന്നായി ഇല്ലാതാക്കുകയാണ്.ഇപ്പോൾ വെയിലിനെ അകറ്റാൻ വേണ്ടി വഴിയോരങ്ങളിൽ വൃക്ഷങ്ങൾ ഇല്ല .പുഴകളും വയലുകളും എല്ലാം തന്നെ കുറഞ്ഞുവരുകയാണ്.അവിടെയെല്ലാം നട്ടുകുറ്റൻ കെട്ടിടങ്ങൾ ഉയർന്നുവരുന്നു.സ്നേഹം ഇല്ല . കളിയില്ല. ചിരിയില്ല.സഹായങ്ങൾ ഇല്ല .പ്രകൃതി പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും കൊണ്ട് നിറച്ചിരിക്കുകയാണ്.ഭൂമിയിലേക്ക് വെള്ളം ഇറങ്ങാത്ത വിധം കട്ടകൾ പാകി.പലയിടത്തും മാലിന്യങ്ങളുടെ ദുർഗന്ധം ഫാക്ടറി മാലിന്യം കൊണ്ട് കടലും കായലും നശിച്ചു.പ്ലാസ്റ്റിക് മാലിന്യം കൊണ്ട് റോഡും കടലും പുഴയും എല്ലാം തന്നെ നശിച്ചു.ഇതുമൂലം മനുഷ്യർ രോഗികൾ ആയി .ആരും സംരക്ഷിക്കാൻ ഇല്ലാത്ത ഒരു കുട്ടിയെ പോലെയാണ് ഇപ്പോൾ പ്രകൃതി.മുൻകാലത്തെ പ്രകൃതിയെ നമുക്ക് തിരിച്ചു കിട്ടിണേ എന്ന് ആഗ്രഹിക്കാം.

# സ്വപ്നത്തിനായി  ആത്മവിശ്വാസം

സ്നേഹിക്കുകയാണെൻ സ്വപ്നമേ നിന്നെ ഞാൻ
എൻ സ്വപ്നത്തെ നിറവേറ്റുവാനായി
ഞാൻ നെയ്തെടുത്ത ആത്മവിശ്വാസവും
സ്നേഹിച്ചിടണം എൻ സ്വപ്നത്തെ
എൻ ആത്മവിശ്വാസമേ നീ തളരാതെ –
ഒരു ഗോളമായി എൻ –
"സ്വപ്നത്തിനൊപ്പമായി"
എൻ അച്ഛനും അമ്മയും അധ്യാപകരും
നിൽക്കുമോ വാതിലിൽ തന്നെ എനിക്കൊപ്പം ആയി എന്നിൽ
വിജയം സ്വപ്നം കാണുമെൻ പ്രിയർക്കും
ഒപ്പമായി നീ വേണമെൻ ആത്മവിശ്വാസമേഎന്നെ
തളർത്താതെ എന്റെ പ്രിയ കൂട്ടുകാരിയായി നീ തന്നെ
വേണമെൻ ആത്മവിശ്വാസമേ....

അനാമിക എം.കെ

10 B

## അനാഥമാകുന്ന വാർദ്ധക്യം

വാർദ്ധക്യം ഒരു കുറ്റമല്ല കുറവുമല്ല സ്നേഹിച്ചില്ലെങ്കിലും അവരെ വെറുക്കാതിരുന്നു കൂടെ ,പ്രായമായവർ സ്വന്തം മക്കൾക്ക് പോലും ഭാരമായി തീരുന്നു.മക്കൾക്ക് വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച് ഒരു മെഴുകുതിരി പോലെ ഉരുകി തീരുന്നവരാണ് മാതാപിതാക്കൾ .എന്നാൽ അവർ നമ്മൾക്ക് വേണ്ടി അനുഭവിച്ച ത്യാഗങ്ങളും ദുരിതങ്ങളും മറന്ന് അവരെ വൃദ്ധസദനത്തിലേക്ക് തെരുവിലേക്കും വലിച്ചെറിയുന്നു.വാർദ്ധക്യത്തിൽ മാതാപിതാക്കൾക്ക് താങ്ങാകേണ്ട മക്കൾ അവരുടെ മക്കൾക്ക് വേണ്ടിയും സ്വന്തം സുഖസൗകര്യങ്ങൾക്ക് വേണ്ടിയും മാതാപിതാക്കളെ ഒഴിവാക്കുന്നു.ഒരുകാലത്ത് അത്ഭുതത്തോടെ മാത്രം മലയാളികൾ കേട്ടിരുന്ന വൃദ്ധസദനം ഇന്ന് നാട്ടിൽ ഉടനീളം ഉയർന്നുവരുന്നു.ബന്ധങ്ങൾക്ക് വില കൽപ്പിക്കുന്ന ഒരു സമൂഹം ഉണ്ടായിരുന്ന നമുക്ക് എന്നാൽ ഇന്ന് അത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.കെട്ടുറപ്പുള്ള കൂട്ടുകുടുംബങ്ങൾ ഉണ്ടായിരുന്ന കാലത്ത് നിന്നും അണുകുടുംബങ്ങളിലേക്ക് മാറി ഇന്നത്തെ ജനത .പാശ്ചാത്യ സംസ്കാരത്തിന്റെകടന്നു കയറ്റവും ഒരു പരിധിവരെ ഇതിന് കാരണമാകുന്നു.എന്തൊക്കെ ന്യായങ്ങൾ പറഞ്ഞാലും തെറ്റ് തെറ്റല്ലാതാകുന്നില്ല.സംരക്ഷിച്ച കരങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ തുടങ്ങിയാൽ അവസാനിക്കുന്നതാണ് വൃദ്ധസദനങ്ങൾ.ഒരു നിമിഷം ഓർക്കുക "ഇന്ന് അവരെങ്കിൽ നാളെ നമ്മൾ " .ചേർത്തുപിടിക്കാൻ നമുക്ക് വാർദ്ധക്യത്തെ .

ഫിദ നസീർ

9 C

# Just another day

The boy was still in bed. He was awake but he didn't feel like getting up at all. He colourful blanket was stretched up to his neck and he curled like some cute cat.

Time went by. It was about nine,and the sun was bright.Crows were crying outside and you could hear the neighbour opening his gate and leaving on his scooter two cats quarrelling somewhere nearby. he changed his position now and then. Sometimes he would get up with firm decision to go to the washroom and pick up his brush but he would fall back to bed again.

Finally maybe after an hour or so he would get up brush his teeth and come out . the maid would be making hot dosas in the kitchen. The front door would be open to the bright and calm street interrupted now and then by some scooter ,cycle or the association secretary in a t-shirt and lungi walking about with his little grand child.

The boy would stretch and walk to the kitchen,"amma is there tea?". She'd be outside cleaning and cutting the fish that had brought from the market earlier in the morning. ''Yes it is in the street bowl.Could you warm it and take it?

My hand aren't clean''. Yeah

You'd have to sometimes, waiting for the tea to warm,watching the little fumes glide over the surface for sometimes before rising up.Amma would be splashing the fish in water,trying to get it as clean as possible and those arguing cats would be their side.

The cup with warm tea would be resting in his hand.,as the sat on the bench outside, looking at the casually progressing world. The neighbour threading out clothes in the sun the friendly stray dog scratching his ear the association secretary playing and working with his child.He'd smile when he the boy who would smile back.

The boy would sip the tea, warm and sweet the taste and the warmth of home slowly trade from mouth and throat to heart and soul.That's what it felt like peace, and comfort. Like easy and calm, smooth and flowing everyday just normal Just another day Just another day without problems sorrows tensions or thoughts no worries a just simple normal day. The boy smile she could be the space fade away as the grew.

# കുട്ടി മനസ്സ്

ഒരിടത്ത് ഒരു ആൺകുട്ടിയുണ്ടായിരുന്നു.അവൻറെ അമ്മ അവനോട് പറഞ്ഞു മോനെ നീ കടയിൽ പോയി സാധനം വാങ്ങി കൊണ്ടുവരാൻ അവന്റെ കയ്യിൽ ഫോൺ കൊടുത്തു എന്നിട്ട് പറഞ്ഞു നീ കടയിൽ എത്തുമ്പോൾ വിളിച്ചാൽ മതി സാധനം വാങ്ങി കഴിഞ്ഞ് തിരിച്ച വീട്ടിലേക്ക് പോകുമ്പോൾ ഒരു യൂട്യൂബർ വന്ന് ചോദിച്ച നീ എന്തു പറഞ്ഞാലും ഞാൻ സാധിച്ച തരും എന്ന് അവനോട് ചോദിച്ച നീ എൻറെ ചാനൽ സബ്സ്ക്രൈബ് ചെയ്തിട്ടുണ്ടോ അവൻ ഉടനെ പറഞ്ഞു. ചെയ്തിട്ടുണ്ടെന്ന് അയാൾ ചോദിച്ച സബ്സ്ക്രൈബ് ചെയ്തത്ഒന്ന് കാണിക്കു .അവൻ ഉടനെ ഫോൺ എടുത്തു കാണിച്ച അയാൾ ചോദിച്ച എന്താണ് വേണ്ടത്.അവൻ ഉടനെ പറഞ്ഞു എൻറെ കൂട്ടുകാരന് ഒരു സൈക്കിൾ വേണം.അവന്റെ വീട്ടിൽ സൈക്കിൾ വാങ്ങാൻ പൈസ ഇല്ലാത്തതുകൊണ്ട് ഞാൻ സൈക്കിൾ കൊടുത്തത്.അങ്ങനെ അയാൾ ഈ കുട്ടിക്കും മറ്റേ കുട്ടിക്കും സൈക്കിൾ വാങ്ങിക്കൊടുത്തു എന്നിട്ട് പറഞ്ഞു ഇതാണ് കൂട്ടുകാർ.

Neifa Fathima
5 c

# സ്നേഹപ്പാട്ട്

കാട്ടിലെ കൂട്ടുകാർ ഒത്തുകൂടി

മാവേലി മന്നന് ഓണച്ചോറ്

ഒരുപിടി അരിയുമായി ചോണനുറുമ്പ്

സദ്യ ഒരുക്കുവാൻ ആർപ്പോ പാടി

വാ എൻറെ കൂട്ടരെ

വെല്ലം നിറയ്ക്കേ

വായാടി കിളികളെ കളകളം പാട്

തേനിറ്റും കുഞ്ഞിലപ്പായസമുണ്ടേ

തേനീച്ച പെണ്ണിൻറെ കാണക്കനി

കാട് കാണാനെന്റെ മാവേലി വന്നേ

കാട്ടിലും ഞങ്ങൾക്ക് ഓണം വന്നേ

തിന്തകതാരാ തിന്തകതാരാ

കാട്ടിലും നാട്ടിലും ഓണം വന്നേ

Thresya Binu
6 A

ജീവിതത്തെ കഴിക്കുന്ന മരുന്ന്

കേരള സമൂഹത്തിന് ഭീഷണിയായി കുതിച്ചു പായുകയാണ് ലഹരി ഇന്ന് . കൗമാരങ്ങളെ ലക്ഷ്യമിട്ട് ആർക്കുള്ള ചെന്നായി നിൽക്കുകയാണ് ലഹരി. കുരുന്നുകളെ ജീവിത ലക്ഷ്യം കൈയെത്തി പിടിക്കാൻ സമ്മതിക്കാതെ തടസ്സമായി നിൽക്കുകയാണ് ലഹരി.

കുടുംബങ്ങളിൽ അവഗണിക്കപ്പെടുന്നവർ, പ്രണയ നൈരാശമുള്ളവർ, ചേർത്തുപിടിക്കാൻ ആരുമില്ലാത്തവർ, സ്വന്തം നേട്ടങ്ങളിൽ അഭിനന്ദനം നൽകി പ്രചോദിപ്പിക്കാൻ ആരുമില്ലാത്തവർ, ജീവിത നിരാശയായാൽ മൂടപ്പെട്ടവർ എന്നിവരെല്ലാം ലഹരിയുടെ അതിവേഗം ചെന്ന് ചാടുന്നു.

സുഹൃത്തുക്കളാണ് കൗമാരക്കാലത്തെനമ്മുടെ കണ്ണാടികൾ . അവർ പോകുന്ന വഴിയിൽ സഞ്ചരിക്കാൻ വളരെ പ്രിയമാണ് കൗമാരക്കാർക്ക് . എന്നാൽ പലപ്പോഴും ഈ ചങ്ങാതിമാനാണ് നമ്മെ കുഴിയിൽ ചെന്ന് ചാടിക്കുന്നത് .കൂട്ടുകാരൻ നൽകുന്ന ലഹരി എന്ന വിഷം കൗമാരക്കാർ അമൃതായി കണ്ക്കാക്കുന്നു. ഇങ്ങനെയാണ് സ്കൂൾ വിദ്യാർത്ഥികളിലെ ലഹരിയുടെ ഉപയോഗം വളർന്നുവരുന്നത്.

ഉറക്കമില്ലായ്മ ,തളർച്ച, ക്ഷീണം, ചുവന്ന കണ്ണുകൾ, ആഹാരം കഴിക്കാതിരിക്കുക, പഠിക്കാനുള്ള മടി ,അമിത ദേഷ്യം എന്നിവയെല്ലാം ലഹരിയുടെ ലക്ഷണങ്ങളാണ്.

ജീവിതത്തിൽ പരാജയപ്പെട്ടുപോയെന്നു തോന്നുന്നവരാണ് ലഹരിക്ക് വേഗത്തിൽ അടിമപ്പെടുക. സമൂഹജീവികളായ നമ്മുടെ കടമയാണ് അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്നത് .ചേർത്ത് പിടിക്കാൻ ഒരാളുണ്ട് എന്ന ചിന്ത അവരെ മാനസികമായി ശക്തിപ്പെടുത്തുന്നു .ലഹരി വിമുക്ത സമൂഹം എന്നത് നാം എല്ലാവരും ഒന്നിച്ചു നിന്ന് നേടേണ്ടതാണ്. ലഹരിയിൽ നിന്ന് മുക്തരായവരെ ചേർത്തുപിടിക്കാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഒരിക്കൽ ലഹരി ഉപയോഗിച്ചാൽ അതിനെ വലിച്ചെറിയുക എന്നത് ദുഷ്കരമാണ്. ശ്രമകരമായ ദൗത്യത്തിൽ നാം അവരെ ചേർത്തുപിടിക്കേണ്ടത് അനുവാര്യമാണ്.

അന്ന എലിസബത്ത്
9B

# ശലഭം


ജീവിതത്തിൽ ഒറ്റപ്പെട്ട ഒരു അമ്മയും മകളും .നല്ല കാലത്തിൽ ജീവിതത്തിൽ തനിച്ചായി .ഭർത്താവിന്റെ വേർപാടിന്റെ സമയത്ത് തന്റെ ആദ്യത്തെ കണ്മണിയായ കാത്തിരിക്കുകയായിരുന്നു.വെറും അഞ്ചു മാസം മാത്രം.തന്നെയും തന്റെ കുഞ്ഞിനെയും തനിച്ചാക്കി അയാൾ ദൂരത്തേക്ക് മാഞ്ഞു ഒരിക്കലും മടങ്ങി വരാത്ത യാത്ര എങ്കിലും ആ അമ്മ തീളർന്നില്ല തന്റെ കുഞ്ഞിനെ അഭിമാനത്തോടെ വളർത്തണമെന്ന് ഭാഷയായിരുന്നു അമ്മയ്ക്ക് .തന്നെ കളിയാക്കുന്നവരുടെയും പുച്ഛിക്കുന്നവരുടെയും മുമ്പിൽ തലയുയർത്തിപ്പിടിച്ച് ജീവിക്കണം എന്ന വാശി അങ്ങനെ മകൾ വളർന്നു സ്കൂളിൽ നിന്നും വഴിയിൽ നിന്നുമുള്ള ആളുകളുടെ അപമാനം അവളെ തളർത്തിയില്ല. അവൾക്ക് ക്ലാസ്സിൽ ഒരു കൂട്ടുകാരനോ കൂട്ടുകാരിയോ ഇല്ലായിരുന്നു .എല്ലാവരും അവളെ ഒറ്റപ്പെടുത്തി. സ്നേഹിക്കാൻ ഒരമ്മ മാത്രം.അമ്മ തന്റെ മകളെ വളർത്തുവാൻ വേണ്ടി ധാരാളം വീടുകളിൽ വീട്ടുവേലയ്ക്ക് പോകും. അവിടെ നിന്നും കിട്ടുന്ന ഭക്ഷണം തൻറെ മകൾക്ക് കൊണ്ടുകൊടുക്കും.വസ്ത്രങ്ങൾ ഉണക്കുകയും അലക്കുകയും ചെയ്യും. കിട്ടുന്നത് മകളുടെ പഠനത്തിനു വേണ്ടി ചിലവഴിക്കും.അവൾ 12 കഴിഞ്ഞു.ഇനി എന്തിനു പഠിക്കണം എന്ന ചോദ്യത്തിന് അവൾ തിരഞ്ഞെടുത്തത് ഐ എ എസ് ആയിരുന്നു .+2ഒന്നാം റാങ്ക് നേടിയ അവൾക്ക് രാജസ്ഥാനിലെ കോളേജിൽ അഡ്മിഷൻ കിട്ടി.ഹോസ്റ്റലിൽ ആയിരുന്നു താമസം.അമ്മയെ തനിച്ചാക്കുന്നതിൽ അവൾക്ക് വിഷമമുണ്ടായിരുന്നു. എങ്കിലും തന്റെ അമ്മയുടെ ആഗ്രഹം നിറവേറ്റാൻ അവൾ അവിടെ എല്ലാം സഹിച്ചു. മീറ്റിംഗ് ഉണ്ടാവുമ്പോൾ അമ്മയ്ക്ക് വരാൻ പറ്റില്ല അതിന് ഒരുപാട് പണം ആവശ്യമാണ് എല്ലാവരുടെയും സുരക്ഷിതാക്കൾ തരുന്നു അവർ അതെല്ലാം സഹിക്കും.അങ്ങനെ അവൾ പരീക്ഷ പാസായി ഒന്നാം റാങ്കോടെ ആദ്യം സബ് കളക്ടർ ആയുംപിന്നെ ജില്ലാ കളക്ടറായി.തന്നെ അവഗണിച്ചവരുടെ മുമ്പിൽ അഭിമാനത്തോടെ അവൾ വിജയം കൈവരിച്ചു.

അൽഫിയ
9 C

पेड़ों का महत्व


पेड़ हमारे सबसे अच्छे दोस्त है l हमें फल , फूल , लकड़ी , कागज आदि देते हैं l
पेड़ हमें छाया और सुरक्षा प्रदान करते हैं । हमें पेड़ों को काटना नहीं चाहिए ।
पेड़ों के बिना जीवन असंभव है ।

Goutham Krishna
7C






SAVIYO JOBIN
6 C





MADONA JOSEPH
9 B





MADONA JOSEPH
9 B

THANK YOU